# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് ആറ്

## യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളി

Tue "നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ, ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്നു വിളിക്കപ്പെടുന്ന ദ്വീപിൽ ആയിരുന്നു" എന്നു പറയുന്ന 1:9-നെ ഈ ദൂതിൽ നാം ചിന്തിക്കേണ്ടത് ആവശ്യമാണ്. വെളിപ്പാട് പുസ്തകം ആശ്ചര്യകരമായ ഒരു രീതിയിൽ രചിക്കപ്പെട്ടിരിക്കുന്നു. 1:7-ൽ കർത്താവിന്റെ വരവിനെക്കുറിച്ച് പ്രസ്താവിച്ചതിനുശേഷം ഉടനെതന്നെ ഈ വാക്യം വരുന്നു എന്നത് തികച്ചും പ്രധാനമാണ്. ഇതു സൂചിപ്പിക്കുന്നത് കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി നാം ഉണർന്നു കാത്തിരിക്കുന്നവരായിരിക്കണമെങ്കിൽ, പുറമെയുള്ള അനുഗ്രഹത്തിലല്ല, യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും നാം സഹപങ്കാളായിരിക്കണം എന്നാണ്.

## I. യേശുവിലുള്ള കഷ്ടതയിൽ സഹപങ്കാളി

*യേശുവിൽ* എന്ന പ്രയോഗം *കഷ്ടത, രാജ്യം, സഹിഷ്ണുത* എന്നീ പദങ്ങളെ ഭരിക്കുന്നു; ഇതിന് നാം വളരെ ശ്രദ്ധ നല്കണം. ഈ പ്രയോഗം പുതിയനിയമത്തിൽ വളരെ അപൂർവമായി മാത്രമേ വരുന്നുള്ളൂ. മറിച്ച്, *ക്രിസ്തുവിൽ* എന്നോ *ക്രിസ്തു യേശുവിൽ* എന്നോ ഉള്ള പ്രയോഗങ്ങൾ അനേകം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. പുതിയനിയമത്തിൽ, സത്യം മുഖ്യമായും ക്രിസ്തുവിൽ ആണെങ്കിലും ഇവിടെ *യേശുവിൽ* എന്ന പ്രയോഗം ഉപയോഗിച്ചിരിക്കുന്നു. നാം കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുന്നവരാകണമെങ്കിൽ, "യേശുവിലുള്ള" കഷ്ടതയിലും, രാജ്യത്തിലും, സഹിഷ്ണുതയിലും സഹപങ്കാളികളായിരിക്കണം എന്ന് ഇത് നമ്മോടു പറയുന്നു. രക്ഷയെയും, കൃപയെയും, ആസ്വാദനത്തെയും, മറ്റുള്ള സകല നല്ല കാര്യങ്ങളെയുംകുറിച്ചു പറയുമ്പോൾ, നാം "ക്രിസ്തുവിൽ" ആണെന്നു പറയുന്നു,

കാരണം ഈ പ്രയോഗം ദൈവത്തിന്റെ രക്ഷയുടെ അനുലോമവശത്തിലുള്ള സകലത്തെയും കുറിച്ച് പരാമർശിക്കുന്നു. എന്നാൽ യേശുവിൽ കഷ്ടതയിലും, രാജ്യത്തിലും, സഹിഷ്ണുതയിലും നാം പങ്കാളികളാണെന്നു പറയുന്നതിന്റെ അർഥം നാം കഷ്ടംസഹിക്കുന്നു എന്നാണ്. യേശു ഒരു മനുഷ്യനായി ഭൂമിയിൽ ജീവിച്ചപ്പോൾ, അവൻ ഇടവിടാതെ കഷ്ടംസഹിച്ചു. അവന്റെ ജീവിതത്തിന്റെ വസ്തുതയനുസരിച്ച്, യേശു എന്ന അവന്റെ നാമം കഷ്ടംസഹിക്കുന്ന ഒരു വ്യക്തിയെ, ഒരു വ്യസനമനുഷ്യനെ, സൂചിപ്പിക്കുന്നു (യെശ. 53:3). ഇക്കാരണത്താൽ, നാം ക്രിസ്തുവിൽ ആണെന്ന് നാം പറയുമ്പോൾ, ഇത് അർഥമാക്കുന്നത് നാം രക്ഷിക്കപ്പെട്ടവരും, ദൈവത്തിന്റെ കൃപ ആസ്വദിക്കുന്നവരും, ദൈവവുമായി സമാധാനം ഉള്ളവരും, ദൈവത്തിന്റെ അനുഗ്രഹത്തിൻകീഴിലുള്ളവരും ആകുന്നു എന്നാണ്. എന്നാൽ നാം "യേശുവിലുള്ള" കഷ്ടതയുടെയും, രാജ്യത്തിന്റെയും, സഹിഷ്ണുതയുടെയും സഹപങ്കാളികളാണെന്നു പറയുമ്പോൾ ഇത് അർഥമാക്കുന്നത് നാം നസറായനായ യേശുവിനെ അനുഗമിക്കുന്നതുമൂലം കഷ്ടംസഹിക്കുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യുന്നു എന്നാണ്. വെളിപ്പാട് പുസ്തകത്തിൽ *ക്രിസ്തുവിൽ* എന്ന പ്രയോഗം ഉപയോഗിച്ചിട്ടില്ല. മറിച്ച്, എഫെസ്യലേഖനത്തിൽ *ക്രിസ്തുവിൽ* അഥവാ *അവനിൽ* എന്ന പ്രയോഗം ആവർത്തിച്ച് ഉപയോഗിച്ചിട്ടുണ്ട്, ആ ലേഖനത്തിലെ ഓരോ അധ്യായത്തിലും അതു കാണുവാൻ കഴിയും. വെളിപ്പാട് പുസ്തകം "യേശുവിലുള്ള" കഷ്ടത സഹിക്കുന്നവർക്കു വേണ്ടിയുള്ളതാണ്. കർത്താവായ യേശുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവർ യേശുവിലുള്ള കഷ്ടത സഹിക്കുന്ന ജനമായിരിക്കണം എന്ന് ഇത് അർഥമാക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുന്നവർ കഷ്ടത സഹിക്കുന്നവരാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുന്നവരാണെങ്കിലും, ജനത്തിന്റെ കണ്ണുകളിൽ, പ്രത്യേകിച്ചും മതത്തിന്റെ കണ്ണുകളിൽ നാം യേശുവിനെ അനുഗമിക്കുന്നവരാണ്.

## A. ഭൂമിയിലായിരുന്നപ്പോൾ യേശു പീഡനം സഹിച്ചു

യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ യെഹൂദമതത്താൽ പീഡിപ്പിക്കപ്പെട്ടിരുന്നു (യോഹ. 5:16; 15:20). അവൻ പീഡിപ്പിക്കപ്പെട്ടത് യെഹൂദരല്ലാത്ത ഒരു ജാതീയ മതത്താലല്ല, പിന്നെയോ ദൈവത്തിന്റെ അരുളപ്പാടുകൾക്കനുസരിച്ച് രൂപീകരിക്കപ്പെട്ട വിശേഷപ്പെട്ട മതത്താലാണ്. ദൈവത്തിന്റെ ശത്രുവിനാൽ മതം വളരെയധികം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. മതം ക്രിസ്തുവിന് എതിരും, ക്രിസ്തു മതത്തിന് എതിരും ആണ്. അവൻ അവരുടെ ശബ്ബത്ത് ലംഘിച്ചതുകൊണ്ട് യെഹൂദന്മാർ യേശുവിനെ പീഡിപ്പിച്ചുവെന്ന്

യോഹന്നാൻ 5:16 വെളിപ്പെടുത്തുന്നു. മതപരമായ ആളുകൾക്ക് അവരുടെ ചട്ടങ്ങൾ ലംഘിക്കുന്നത് സഹിക്കുവാൻ കഴിയുകയില്ല. അവരുടെ മതപരമായ ചട്ടങ്ങളുടെ ഏതു ലംഘനവും ലംഘനക്കാർ ക്കെതിരെയുള്ള ഉപദ്രവം ഇളക്കിവിടും. യെഹൂദമതം മൂന്ന് തൂണുകളിന്മേലാണ് സ്ഥാപിക്കപ്പെട്ടിരുന്നത്, അതിലൊന്ന് ശബ്ബത്തായിരുന്നു; മറ്റു രണ്ടെണ്ണം പരിച്ഛേദനയും ഭക്ഷണക്രമത്തെ സംബന്ധിച്ച ചട്ടങ്ങളുമാണ്. യേശു ശബ്ബത്ത് ലംഘിച്ചപ്പോൾ അവൻ യെഹൂദമതത്തിന്റെ മൂന്നു തൂണുകളിൽ ഒന്ന് തകർത്തുകളഞ്ഞു. ഇക്കാരണത്താൽ, അവർ അവനെ ഉപദ്രവിക്കുകയും അവനെ കൊല്ലുവാൻ അന്വേഷിക്കുകപോലും ചെയ്തു. ഒടുവിൽ, മതം വിജയിക്കുകയും, അവരുടെ തിരുവെഴുത്തുകളിൻപ്രകാരം അവന് മരണം വിധിച്ചുകൊണ്ട് കർത്താവായ യേശുവിനെ വാസ്തവത്തിൽ കൊല്ലുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ പരമാധികാര ത്തിൻകീഴിൽ ആ സമയം ആരെയും കൊല്ലാനുള്ള അവകാശം യെഹൂദന്മാർക്ക് ഉണ്ടായിരുന്നില്ല. അങ്ങനെ, അവർ യേശുവിനെ റോമാഭരണകൂടത്തിന് വിട്ടുകൊടുക്കുകയും, റോമാഭരണകൂടം കുറ്റവാളികളെ ശിക്ഷിക്കുന്ന അതിന്റെ രീതി ഉപയോഗിച്ചുകൊണ്ട് കർത്താവായ യേശുവിനെ ക്രൂശിക്കുകയും ചെയ്തു.

മതം യേശുവിനെ ഉപദ്രവിച്ചതുപോലെതന്നെ അത് യേശുവിനെ അനുഗമിക്കുന്നവരെയും ഉപദ്രവിക്കും. ഓരോ പട്ടണത്തിലുമുള്ള സിനഗോഗുകളിലെ യെഹൂദന്മാർ അപ്പൊസ്തലന്മാർക്കെതിരെ എതിർപ്പ് ഇളക്കിവിട്ടുവെന്നും, പൗലൊസ് ഇത്തരത്തിലുള്ള ഉപദ്രവം വളരെയേറെ സഹിച്ചുവെന്നും പ്രവൃത്തികളുടെ പുസ്തകത്തിൽനിന്നും നമുക്കറിയാം. വെളിപ്പാട് പുസ്തകത്തിന്റെ എഴുത്തുകാരനായ യോഹന്നാനും ഇത്തരത്തിലുള്ള ഉപദ്രവത്തിലൂടെ കടന്നുപോയി. യോഹന്നാൻ ഈ പുസ്തകത്തിന്റെ വെളിപാട് സ്വീകരിച്ചപ്പോൾ, "ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം" നാടുകടത്തപ്പെട്ടവനായി പത്മൊസ് ദ്വീപിലായിരുന്നു. ഈ പുസ്തകം എഴുതുന്നതിൽ, അവൻ അവരുടെ സഹോദരനാണെന്നും, കൃപയിലും ജീവനിലും സമാധാനത്തിലും വെളിച്ചത്തിലുമല്ല, പിന്നെയോ യേശുവിലുള്ള കഷ്ടത്തിലും പീഡയിലും സഹപങ്കാളിയാണെന്നും അവരോടു പറഞ്ഞുകൊണ്ട്, അവൻ കർത്താവിന്റെ മടങ്ങിവരവിനു വേണ്ടി വിശുദ്ധന്മാരെ ഉത്സാഹിപ്പിക്കുകയായിരുന്നു.

നാം കണ്ടതുപോലെ യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ മതത്തിന്റെ കൈകളിൽ കഷ്ടംസഹിച്ചു. റോമാ സാമ്രാജ്യം അവന് വളരെ കുറച്ചു ശ്രദ്ധയേ നല്കിയുള്ളൂ. യെഹൂദമതമായിരുന്നു അവന്റെമേൽ ന്യായവിധി നടപ്പാക്കുവാൻ റോമാഭരണകൂടത്തോട് ആവശ്യപ്പെട്ടത്. അങ്ങനെ, അവനെതിരായ ഉപദ്രവം മതേതര ലോകത്തോടുകൂടെയല്ല, പിന്നെയോ മതപരമായ

ലോകത്തോടുകൂടെയായിരുന്നു ആരംഭിച്ചത്. പ്രവൃത്തികളുടെ പുസ്തകത്തിൽ അപ്പൊസ്തലന്മാരോടും അങ്ങനെതന്നെയായിരുന്നുവെന്ന് നാം കാണുന്നു. എതിർപ്പ് മുഖ്യമായും ജാതികളിൽനിന്നല്ല വന്നത്, അത് യെഹൂദമതത്തിൽ നിന്നായിരുന്നു. യെഹൂദന്മാർ പൗലൊസ് പോയിടത്തെല്ലാം, ഒരുപക്ഷേ അവനെ വഴിതടയുകപോലും ചെയ്തുകൊണ്ട്, അവനെ അനുഗമിച്ചു. ഇതേ രീതിയിൽ, റോമൻ കത്തോലിക്കാസഭ എന്നു വിളിക്കപ്പെടുന്നവരാൽ അനേകം രക്തസാക്ഷികൾ ഉപദ്രവം സഹിച്ചു. ഫോക്സ് തന്റെ *രക്തസാക്ഷികളുടെ ചരിത്ര*ത്തിൽ സൂചിപ്പിക്കുന്നതുപോലെ, റോമാഭരണകൂടത്തെക്കാൾ കൂടുതൽ വിശുദ്ധന്മാരെ റോമൻ കത്തോലിക്കാസഭ കൊന്നു. മാഡം ഗയോണിനെ ആരാണ് തടവിലാക്കിയത്? റോമൻ കത്തോലിക്കാസഭ. ജോൺ ബനിയനെ ആരാണ് തടവിലാക്കിയത്? ചർച്ച് ഓഫ് ഇംഗ്ലണ്ട്. മതം എപ്പോഴും യേശുവിന്റെ യഥാർഥ അനുകാരികളെ ഉപദ്രവിക്കുന്നു.

ഇപ്പോൾ ഈ ഉപദ്രവം അനുഭവിക്കുവാനുള്ള നമ്മുടെ ഊഴമാണ്. ഞാൻ സഹോദരൻ നീയോടൊപ്പം ചൈനയിൽ ആയിരുന്ന വർഷങ്ങളിൽ അവൻ മതത്താൽ എത്രമാത്രം ഉപദ്രവിക്കപ്പെട്ടിരുന്നുവെന്ന് ഞാൻ കണ്ടു. കിംവദന്തികളും, എതിർപ്പും, കുറ്റംവിധിക്കലും വന്നത് ജാതികളിൽനിന്നല്ല, മറിച്ച് ക്രിസ്തുമതത്തിൽനിന്നും, ചില മിഷണറിമാരിൽനിന്നുപോലും ആയിരുന്നു. പിശാച് തന്ത്രശാലിയാണ്. മതപരമായ ആളുകളെന്നു വിളിക്കപ്പെടുന്നവർ എതിർക്കുന്നതിനെക്കാളധികം മതേതരലോകം നമ്മെ എതിർക്കുന്നില്ല. അനേകം ക്രിസ്ത്യാനികളും മതത്തെ ഒരു നല്ല കാര്യമെന്നു ചിന്തിക്കുന്നു, എന്നാൽ അത് വാസ്തവത്തിൽ പിശാചിനാൽ ഉപയോഗിക്കപ്പെടുന്ന ഒന്നാണ്. നിങ്ങൾ ഗലാത്യലേഖനം വായിക്കുന്നുവെങ്കിൽ, പൗലൊസ് യെഹൂദമതത്തിലായിരുന്നപ്പോൾ സഭയെ എത്ര കഠിനമായി ഉപദ്രവിച്ചുവെന്ന് നിങ്ങൾ കാണും. മതം ക്രിസ്തുവിന് എതിരാണെന്നും ക്രിസ്തുമതത്തിന് എതിരാണെന്നും ഗലാത്യർ 1 വെളിപ്പെടുത്തുന്നു. നാം മതവുമായി സഹകരിക്കുന്നുവെങ്കിൽ, അവിടെ ഒരുതരം വിട്ടുവീഴ്ചാപരമായ സമാധാനം ഉണ്ടായിരിക്കും. എന്നാൽ നമുക്കെങ്ങനെ മതവുമായി ഒത്തുപോകുവാൻ കഴിയും? അത് വളരെ നിഗൂഢവും വ്യാജവും ആണ്; അത് ദൈവത്തിന്റെ വ്യവസ്ഥയുടെ ഒരു കൃത്രിമമാണ്. മതം ദൈവത്തിന്റെ വ്യവസ്ഥയുടെ ഒരു കൃത്രിമമാണെന്നു കാണുന്ന ഏവനും അതിനെ കുറ്റംവിധിക്കും.

### B. ഇപ്പോൾ യേശു തന്റെ അനുയായികളോടൊപ്പം ഉപദ്രവം സഹിക്കുന്നു

നാം മതവുമായി സഹകരിക്കാത്തതുകൊണ്ട് അതു നമ്മെ ഉപദ്രവിക്കുന്നു. ഇന്നു നാം സഹിക്കുന്ന ഉപദ്രവം

യേശുവിലുള്ള ഉപദ്രവമാണ്. അവൻ ഇപ്പോൾ തന്റെ അനുയായികളോടൊപ്പം ഉപദ്രവം സഹിക്കുന്നു (പ്രവൃ. 9:4-5). നാം ഇന്ന് കഷ്ടംസഹിക്കുമ്പോൾ, അവൻ നമ്മിലും നമ്മോടുകൂടെയും കഷ്ടംസഹിക്കുന്നു. യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെയെല്ലാം പിടികൂടുക എന്ന ഉദ്ദേശ്യത്തോടെ ദമസ്കൊസിലേക്ക് തർശീശുകാരനായ ശൗൽ യാത്രചെയ്യുമ്പോൾ, "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" എന്നു ചോദിച്ചുകൊണ്ട് കർത്താവായ യേശു അവനെ ഇടിച്ചു താഴെയിട്ടു (വാ. 3-4). "നീ ആരാകുന്നു, കർത്താവേ" എന്ന് ശൗൽ ചോദിച്ചപ്പോൾ, "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" എന്ന് യേശു ഉത്തരം പറഞ്ഞു (വാ. 5). അവൻ യേശുവിനെ ഉപദ്രവിക്കുകയായിരുന്നുവെന്ന് ശൗൽ ഒരിക്കലും ചിന്തിച്ചില്ല. യേശു ശവക്കല്ലറയിലാണെന്നും അവൻ ഉപദ്രവിക്കുന്നത് സ്തെഫാനൊസിനെയും യേശുവിന്റെ മറ്റു അനുയായികളെയുമാണെന്ന് അവൻ ചിന്തിച്ചു. എന്നാൽ കർത്താവായ യേശുവിന്റെ വാക്കുകളനുസരിച്ച്, ശൗൽ യേശുവിനെ ഉപദ്രവിക്കുകയായിരുന്നു, കാരണം, ആ സമയം യേശു സ്തെഫാനൊസിലും, പത്രൊസിലും, യോഹന്നാനിലും, അവന്റെ മറ്റെല്ലാ അവയവങ്ങളിലും ആയിരിക്കുകയും, അവൻ അവരോട് ഒന്നായിരിക്കുകയും ചെയ്തിരുന്നു. ഇന്നും അത് അങ്ങനെതന്നെയാണ്. മതപരമായ ആളുകൾ നമ്മെ ഉപദ്രവിക്കുമ്പോൾ അവർ യേശുവിനെയാണ് വാസ്തവത്തിൽ ഉപദ്രവിക്കുന്നത്, കാരണം യേശു നമ്മിലും, നമ്മോടൊന്നായുമിരിക്കുന്നു. നാം അനുഭവിക്കുന്ന ഉപദ്രവം യേശുവിലുള്ള ഉപദ്രവമാണെന്നു മനസ്സിലാക്കുന്നത് നമ്മെ ആശ്വസിപ്പിക്കും. നാം യേശുവിലുള്ള ഉപദ്രവത്തിന്റെ സഹപങ്കാളികളാണ്.

## C. അവന്റെ നിന്ദ ചുമന്നുകൊണ്ട് അവന്റെ അനുയായികളും ഈ യുഗത്തിൽ ഉപദ്രവിക്കപ്പെടുന്നു

യേശുവിന്റെ നിന്ദ ചുമന്നുകൊണ്ട് അവന്റെ അനുയായികളും ഈ യുഗത്തിൽ ഉപദ്രവിക്കപ്പെടുന്നു (2:10; യോഹ. 16:2, 33; പ്രവൃ. 14:22; എബ്രാ. 13:13). എബ്രായർ 13:13 പറയുന്നു, "അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം." കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ അവൻ മതത്തിൽ നിന്നും നിന്ദ സഹിച്ചു. ഇപ്പോൾ, അവന്റെ അനുയായികളെന്ന നിലയിൽ മതത്തിൽ നിന്നുള്ള നിന്ദ സഹിച്ചുകൊണ്ട് നാം അവന്റെ നിന്ദ ചുമക്കണം. ഇത് യേശുവിലുള്ള കഷ്ടതയിൽ ഒരു സഹപങ്കാളിയാകുന്നതാണ്.

എങ്കിലും, ചില കഷ്ടങ്ങൾ നാം യേശുവിനെ അനുഗമിക്കുന്നതിനാൽ വരുന്നതല്ല, പിന്നെയോ നമ്മുടെ അവിവേകത്താൽ വരുന്നതാണ്. ഈ കഷ്ടത്തെ ശരിയാംവണ്ണം യേശുവിലുള്ള

കഷ്ടമെന്നു വിളിക്കുവാൻ കഴിയുകയില്ല. അവിവേകമായി പ്രവർത്തിച്ചുകൊണ്ട് നമ്മിലാരും ക്ലേശത്തിന് ഇടവരുത്തരുത്. എന്നാൽ നാം കർത്താവിന്റെ സാക്ഷ്യത്തോട് സത്യസന്ധരും വിശ്വസ്തരും ആയിരിക്കണം. നിങ്ങളുടെ സത്യസന്ധതയും വിശ്വസ്തതയും കഷ്ടത്തെയും ഉപദ്രവത്തെയും കൊണ്ടുവരുന്നുവെങ്കിൽ, അതാണ് യേശുവിലുള്ള ഉപദ്രവവും, അത് നമ്മോടുകൂടെയുള്ള യേശുവിന്റെ കഷ്ടാനുഭവവുമാണ്.

മതത്തിന്റെ ഉപദ്രവം ഒഴിവാക്കുക അസാധ്യമാണ്. ശത്രു മുമ്പത്തെക്കാളധികം മതത്തെ ഉപയോഗിക്കുന്നതുകൊണ്ട് അതിനെ ഒഴിഞ്ഞുപോകുവാൻ നമുക്കു കഴിയുകയില്ല. മതത്തെക്കാളധികം ദൈവത്തിന്റെ വ്യവസ്ഥയെ തടസ്സപ്പെടുത്തുന്ന മറ്റൊന്നില്ല. മതത്തെക്കാളധികം, ദൈവത്തിന്റെ വ്യവസ്ഥയെ കാണുന്നതിൽനിന്നും ജനത്തെ കുരുടാക്കുകയും, ആവരണംചെയ്യുകയും, മറയ്ക്കുകയും ചെയ്യുന്ന മറ്റൊന്നുമില്ല. മതത്താൽ ദശലക്ഷക്കണക്കിന് ആളുകൾ കുരുടാക്കപ്പെട്ടിരിക്കുന്നു. മുഴുവൻ ലോകത്തിലും ദൈവത്തിന്റെ വ്യവസ്ഥയെ കാണുന്നതിൽനിന്നും മതം ജനത്തിന്റെ കണ്ണുകളെ കുരുടാക്കുകയും മറയ്ക്കുകയും ചെയ്യുന്നു. ഇതുനിമിത്തം ഒരു ഉഗ്രപോരാട്ടം നടന്നുകൊണ്ടിരിക്കുന്നു. ഈ പോരാട്ടത്തിൽ, "മതത്തിൽനിന്നു പുറത്തുവരികയും, നിങ്ങളുടെ കണ്ണുകളിൽനിന്നും മതപരമായ മൂടുപടങ്ങളെ കീറിക്കളയുകയും, നിങ്ങളുടെ മതപരമായ ധാരണകളെ ഉപേക്ഷിക്കുകയും ചെയ്യുക" എന്നു പറഞ്ഞുകൊണ്ട് നാം നമ്മുടെ കാഹളം മുഴക്കണം. നാം ഇതു ചെയ്യുമ്പോഴെല്ലാം, എതിർപ്പ് ഉത്തേജിപ്പിക്കപ്പെടുന്നു. ഒരല്പം വിട്ടുവീഴ്ച്ച ചെയ്യുവാൻ ഉപദേശിച്ചുകൊണ്ട് ചില നല്ല സ്നേഹിതന്മാർ എന്റെ അടുക്കൽ വന്നിട്ടുണ്ട്. എന്നാൽ നാം ഒരിക്കലും വിട്ടുവീഴ്ച്ച ചെയ്യുകയില്ല. കർത്താവായ യേശുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവർ അവന്റെ കഷ്ടത്തിൽ പങ്കുചേരണം. "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. വേഗം വരേണമേ" എന്നു വെറുതെ പറയരുത്. നിങ്ങൾ ഇങ്ങനെ പറയുന്നുവെങ്കിൽ, "എനിക്കുവേണ്ടിയും എന്നോടുകൂടെയും നീ കഷ്ടംസഹിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു" എന്ന് കർത്താവ് മറുപടി തരും. ഉപദ്രവം ഒഴിഞ്ഞുപോകുവാൻ ശ്രമിക്കരുത്. ഉപദ്രവം ഒഴിഞ്ഞുപോകുന്നതിന് നമ്മുടെ മിടുക്ക് നാം ഉപയോഗിക്കുന്നുവെങ്കിൽ, നാം കർത്താവിന്റെ വരവിനായുള്ള നല്ല കാത്തിരിപ്പുകാരല്ല. അവന്റെ മടങ്ങിവരവിനു വേണ്ടി നിങ്ങൾ ഗൗരവമുള്ളവരാണെങ്കിൽ, നിങ്ങൾക്കെതിരെ മതപരമായ ഉപദ്രവം ഇളക്കപ്പെടും. എന്നാൽ അവിവേകമായി പ്രവർത്തിച്ചുകൊണ്ട് നാം ഉപദ്രവത്തെ ഉത്തേജിപ്പിക്കരുത്. ഈ കാര്യത്തിൽ നാം പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിരിക്കണം (മത്താ. 10:16).

## II. യേശുവിലുള്ള രാജ്യത്തിൽ സഹപങ്കാളി

യേശുവിലുള്ള കഷ്ടതയിൽ നാം സഹപങ്കാളികളാണെങ്കിൽ, നാം രാജ്യത്തിലും സഹപങ്കാളികളാണ്. യേശുവിലുള്ള പീഡനത്തിൽ നാം പങ്കുചേരുന്നത് രാജ്യത്തിൽ പങ്കുചേരുന്നതാണ്. പീഡനം എന്താണെന്നു നിങ്ങൾക്ക് അറിയില്ലെങ്കിൽ രാജ്യം എന്താണെന്ന് നിങ്ങൾക്കറിയില്ല.

### A. യേശു ഭൂമിയിലായിരുന്നപ്പോൾ രാജ്യം അവനോടുകൂടെയായിരുന്നു

നിരവധി ക്രിസ്ത്യാനികൾക്ക് രാജ്യത്തെക്കുറിച്ച് തെറ്റായ ഒരു ധാരണയുണ്ട്. രാജ്യം വന്നുകഴിഞ്ഞുവെന്നും എന്നാൽ അത് തിരസ്കരിക്കപ്പെട്ടും മാറ്റിനിർത്തപ്പെട്ടും ഇരിക്കുന്നുവെന്നും ചിലർ പറയുന്നു. ഈ ധാരണ വച്ചുപുലർത്തുന്നവർ പറയുന്നത് രാജ്യം വന്നുവെന്നും, എന്നാൽ അത് തിരസ്കരിക്കപ്പെട്ടും മാറ്റിനിർത്തപ്പെട്ടും ഇരിക്കുന്നുവെന്നും, ഭാവിയിൽ അത് ഇറങ്ങിവരുമെന്നും ആണ്. ഈ പഠിപ്പിക്കലനുസരിച്ച്, കർത്താവായ യേശു മടങ്ങിവരുമ്പോൾ മാറ്റിനിർത്തിയിരിക്കുന്ന ഈ രാജ്യത്തെ അവനോടുകൂടെ അവൻ കൊണ്ടുവരും. ഇത് വെറും വ്യർഥ ഉപദേശമാണ്. യേശു ഭൂമിയിലായിരുന്നപ്പോൾ രാജ്യം അവനോടുകൂടെ ഉണ്ടായിരുന്നു. "ദൈവരാജ്യം നിരീക്ഷണത്തോടെയല്ല വരുന്നത്; ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്" എന്ന് യേശു പരീശന്മാരോടു പറഞ്ഞു (ലൂക്കൊ. 17:20-21). വചനത്തിന്റെ ഈ ഭാഗത്ത് യേശു ഉണ്ടായിരുന്ന ഇടത്ത് രാജ്യം ഉണ്ടായിരുന്നുവെന്നു നാം കാണുന്നു. മത്തായി 12:28-ൽ കർത്താവു പറഞ്ഞു, "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ മേൽ വന്നിരിക്കുന്നു." കർത്താവ് ഭൂമിയിലായിരുന്നപ്പോൾ രാജ്യം അവനോടുകൂടെ ഉണ്ടായിരുന്നുവെന്ന് ഇത് അർഥമാക്കുന്നു.

### B. അവന്റെ വിശ്വാസികൾ രാജ്യത്തിലേക്ക് ജനിച്ചിരിക്കുന്നു

യേശുവിന്റെ വിശ്വാസികൾ രാജ്യത്തിലേക്ക് ജനിച്ചിരിക്കുന്നു. യോഹന്നാൻ 3:5 ഇത് തെളിയിക്കുന്നു. ഈ വാക്യത്തിൽ, യേശു നിക്കോദേമൊസിനോടു പറഞ്ഞു, "സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല." നാം രാജ്യത്തിലേക്ക് വീണ്ടുംജനിച്ചിരിക്കുന്നു. രാജ്യം മാറ്റിനിർത്തപ്പെട്ടിരിക്കുന്നുവെങ്കിൽ വീണ്ടുംജനനത്താൽ എങ്ങനെ രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ നമുക്കു കഴിയും? അപ്പോൾ

നാം എന്തിലേക്കാണ് വീണ്ടുംജനിച്ചിരിക്കുന്നത്? യോഹന്നാൻ 3 വ്യക്തമായി പ്രസ്താവിക്കുന്നതുപോലെ, നാം രാജ്യത്തിലേക്ക് വീണ്ടുംജനിച്ചിരിക്കുന്നു.

## C. സഭാജീവിതം ഇന്ന് രാജ്യമാകുന്നു

മത്തായി 16:18-19-ൽ കർത്താവ് പത്രൊസിനോടു പറഞ്ഞു, "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും." ഇതു കാണിക്കുന്നത്, ശരിയായ അർഥത്തിൽ, സഭ രാജ്യമാകുന്നു എന്നാണ്. സഭയിലുള്ള നാം രാജ്യത്തിലാണെന്ന് റോമർ 14:17-ഉം സൂചിപ്പിക്കുന്നു. ശരിയായ സഭാജീവിതം രാജ്യജീവിതമാണ്.

എന്താണ് രാജ്യം? അത് ദിവ്യപ്രകൃതത്തിലുള്ള സ്വർഗീയഭരണമാണ്. നാം എല്ലാവരും ദിവ്യജീവനാൽ വീണ്ടുംജനിച്ചിരിക്കുന്നു. ഈ ജീവനിൽ ദിവ്യപ്രകൃതവും, ഈ ദിവ്യപ്രകൃതത്തോടുകൂടെ ഒരു വാഴ്ച്ച, ഒരു ആധിപത്യം, ഒരു ഭരണം ഉണ്ട്. ഈ ഭരണം ദിവ്യവും സ്വർഗീയവും ആണ്. വീണ്ടുംജനിച്ചവരായ നാം ഇന്ന് ഈ ആധിപത്യത്തിൻകീഴിലാണ്; നാം ഈ ഭരണത്തിനും നിയന്ത്രണത്തിനും കീഴിലാണ്. നാം ഈ വാഴ്ച്ചയെ നമ്മുടെമേൽ പ്രയോഗിക്കണം. നിങ്ങളെ ഭരിക്കുവാൻ ഇപ്പോഴും നിങ്ങൾക്ക് ഒരാളെ ആവശ്യമുണ്ടെങ്കിൽ, അത് അർഥമാക്കുന്നത് നിങ്ങൾ വീണുപോയിരിക്കുന്നു എന്നാണ്. നാം ചെയ്യുന്ന സകലത്തിലും നാം സ്വർഗീയ ഭരണത്തിൻകീഴിൽ ആയിരിക്കണം. നേരത്തെയുള്ള ഒരു ദൂതിൽ നാം ക്രിസ്തുവിന്റെ യുദ്ധംചെയ്യുന്ന സൈന്യമായിരിക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. എന്നാൽ നിങ്ങൾ ദിവ്യജീവന്റെ ഭരണത്തിൻകീഴിലല്ലെങ്കിൽ, അവന്റെ സൈന്യമായിരിക്കുവാൻ നിങ്ങൾ ഒരിക്കലും തിരഞ്ഞെടുക്കപ്പെടുകയില്ല. ഈ സൈന്യത്തിൽ ആയിരിക്കുവാൻ തിരഞ്ഞെടുപ്പെടുന്നത് ദിവ്യപ്രകൃതത്തിലുള്ള സ്വർഗീയഭരണം അനുസരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ദിവ്യജീവൻ നമ്മെ ദിവ്യരാജ്യത്തിലേക്കു കൊണ്ടുവരുന്നു. യോഹന്നാൻ 3:5-ൽ നാം ഏതു രാജ്യത്തിലേക്കു വീണ്ടുംജനിച്ചുവോ, അതേ രാജ്യത്തെ തന്നെയാണ് വെളിപ്പാട് 1:9-ൽ യോഹന്നാൻ പരാമർശിക്കുന്നത്. നാം അതിലേക്കു വീണ്ടും ജനിച്ചിട്ടില്ലെങ്കിൽ നമുക്കെങ്ങനെ രാജ്യത്തിൽ സഹപങ്കാളികളായിരിക്കുവാൻ കഴിയും? നാം രാജ്യത്തിലേക്ക് വീണ്ടുംജനിച്ചശേഷം നാം അതിൽ നിലനിൽക്കണം. നിങ്ങൾ ഇപ്പോഴും നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ തർക്കിക്കുന്നുവെങ്കിൽ, അത് അർഥമാക്കുന്നത് നിങ്ങൾ രാജ്യത്തിൽനിന്നും വഴുതിപ്പോയവൻ ആകുന്നു എന്നാണ്. നിങ്ങൾ രാജ്യത്തിൽ നിലനിൽക്കുകയും അതിൽ ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ

ഭർത്താവുമായോ, ഭാര്യയുമായോ, മറ്റാരുമായോ ഒരിക്കലും പോരാടുകയില്ല. പോരാടുവാൻ ശത്രു പ്രലോഭിപ്പിക്കുമെങ്കിലും, സ്വർഗീയരാജ്യത്തിന്റെ ഭരണം നിങ്ങളെ നിയന്ത്രിക്കും.

## D. അവന്റെ വിശ്വാസികൾ രാജ്യത്തിനുവേണ്ടി ഉപദ്രവം സഹിക്കുന്നു

ഇന്ന് യേശുവിലുള്ള രാജ്യത്തിലായിരിക്കുന്നത് ഒരു മഹത്വമല്ല. യേശുവിലുള്ള രാജ്യം ക്രിസ്തുവിലുള്ള രാജ്യമായിത്തീരുമ്പോൾ, അത് മഹത്വത്തിനായുള്ള സമയമായിരിക്കും. ഇന്ന്, യേശുവിലുള്ള രാജ്യം കഷ്ടംസഹിക്കുന്നതിന്റെ രാജ്യമാണ്. തന്റെ വിശ്വാസികൾ രാജ്യത്തിനുവേണ്ടി പീഡനം സഹിക്കുമെന്ന് മത്തായി 5:10-12-ൽ കർത്താവു പറഞ്ഞു. നീതിക്കുവേണ്ടി നാം കഷ്ടംസഹിക്കുന്നുവെങ്കിൽ നാം രാജ്യത്തിലാണ്. അനീതിപരമായതുകൊണ്ട് നമുക്കു ചെയ്യുവാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട്. ഇന്ന് മനുഷ്യരാശി എല്ലാം അനീതി ഉള്ളതാണ്. ഈ അനീതിയുമായി നാം യോജിക്കുന്നുവെങ്കിൽ, ജനം നമ്മെ സ്വാഗതം ചെയ്യും. എന്നാൽ നാം നീതിക്കുവേണ്ടി നിൽക്കുമെങ്കിൽ, ജനം നമ്മോട് എതിർക്കുകയും നമ്മെ ഉപദ്രവിക്കുകയും ചെയ്യും. രാജ്യത്തിനുവേണ്ടി പീഡനം സഹിക്കുന്നതു തെളിയിക്കുന്നത് നാം ഇന്ന് ദൈവരാജ്യത്തിലാകുന്നു എന്നാണ്. ഇന്ന് രാജ്യത്തിലായിരിക്കുന്നത് ഒരു മഹത്വമാണെന്ന് ചിന്തിക്കരുത്. അല്ല, ഇപ്പോൾ രാജ്യത്തിലായിരിക്കുന്നത് ലജ്ജ ചുമക്കുവാനും ഉപദ്രവം സഹിക്കുവാനും ആണ്. നാം എത്രത്തോളം രാജ്യത്തിലായിരിക്കുന്നുവോ, അത്രത്തോളം നാം കഷ്ടംസഹിക്കുകയും ഉപദ്രവിക്കപ്പെടുകയും ചെയ്യും. എന്നാൽ ഈ കഷ്ടംസഹിക്കൽ നാം രാജ്യത്തിലാണെന്നതിന്റെ ശക്തമായ ഒരു തെളിവായതിനാൽ കർത്താവിനെ സ്തുതിക്കാം.

ഇന്ന് രാജ്യത്തിലായിരിക്കുന്നത് യേശുവിലുള്ള കഷ്ടംസഹിക്കുന്നതിന്റെ വിഷയമാണ്. നാം യേശുവിലുള്ള രാജ്യത്തിലെ സഹപങ്കാളികളാണെങ്കിലും, ഇനിയും ക്രിസ്തുവിന്റെ സഹരാജാക്കന്മാരായിട്ടില്ല. അവൻ മടങ്ങിവരുമ്പോൾ നാം ക്രിസ്തുവിൽ രാജ്യത്തിൽ സഹരാജാക്കന്മാരായിരിക്കും. ആ സമയം, നാം ഒരിക്കലും കഷ്ടംസഹിക്കുകയില്ല. "നീ എന്നെ ബഹുമാനിക്കണം. ഞാൻ സ്വർഗീയരാജ്യത്തിലെ ഒരു കൂട്ടാളിയാണ്; ഒരു ദിവസം ഞാൻ രാജ്യത്തിൽ ക്രിസ്തുവിനോടുകൂടെ ഒരു സഹരാജാവായിരിക്കും" എന്ന് മറ്റുള്ളവരോടു നാം പറയരുത്. എത്രയധികം നിങ്ങൾ ഇതു പറയുന്നുവോ, അത്രയുമധികം നിങ്ങൾ ഉപദ്രവിക്കപ്പെടും. ഇന്ന് വാഴുവാനുള്ള ദിവസമല്ല, കഷ്ടംസഹിക്കുവാനുള്ള ദിവസമാണ്. നാം വാഴുന്ന രാജ്യത്തിലല്ല, കഷ്ടംസഹിക്കുന്ന രാജ്യത്തിലാണ്. അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം

എന്ന് പൗലൊാസ് പറയുവാനുള്ള കാരണം ഇതാണ് (പ്രവൃ. 14:22). ഭരിക്കുന്ന രാജ്യത്തിലേക്കു പ്രവേശിക്കുവാനുള്ള മാർഗം കഷ്ടം സഹിക്കുന്നതിലൂടെയാണ്. പ്രവൃത്തികൾ 14:22-ൽ പൗലൊാസ് പരാമർശിച്ച കഷ്ടം മുഖ്യമായും യെഹൂദമതത്തിന്റെ കരങ്ങളിലുള്ള ഉപദ്രവമായിരുന്നു. ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും ഇത്തരത്തിലുള്ള പീഡനം സഹിക്കും. "യേശുവിന്റെ വിശ്വാസികളായ, നിങ്ങൾ ക്രിസ്ത്യാനികൾ, യെഹൂദമതത്തിൽ നിന്നും പീഡനം സഹിക്കണം" എന്നു പൗലൊാസ് പറയുന്നതായി തോന്നുന്നു. തത്ത്വത്തിൽ, ഇന്നും അങ്ങനെ തന്നെയാണ്. ഇന്ന് ലോകത്തിൽ മതം ഇല്ലായിരുന്നുവെങ്കിൽ, നാം ഇത്രയധികം പീഡനം സഹിക്കുമായിരുന്നില്ല. ഞങ്ങൾ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, മിക്ക ക്ലേശങ്ങളും, പീഡനങ്ങളും, കിംവദന്തികളും, എതിർപ്പുകളും മതം എന്ന ഒരു ഉറവിടത്തിലേക്കു കൊണ്ടുചെല്ലും. ഇന്നു നാം കഷ്ടംസഹിക്കുമ്പോൾ, നാം രാജ്യത്തിലാണ്, ഇവിടെ നാം ക്രിസ്തുവിന്റെ സൈന്യമായിരിക്കുവാനും അവന്റെ സഹരാജാക്കന്മാരായി അവന്റെ രാജ്യത്തിൽ വാഴുവാനും അഭ്യസിപ്പിക്കപ്പെടുകയും, പരിശീലിപ്പിക്കപ്പെടുകയും, ഒരുക്കപ്പെടുകയും, യോഗ്യതയുള്ളവരാക്കപ്പെടുകയും ചെയ്യുന്നു.

## III. യേശുവിലുള്ള സഹിഷ്ണുതയിൽ സഹപങ്കാളി

യേശുവിലുള്ള സഹിഷ്ണുതയിലും താൻ ഒരു സഹപങ്കാളിയാണെന്ന് 1:9-ൽ യോഹന്നാൻ പറഞ്ഞു. കഷ്ടതയ്ക്കും രാജ്യത്തിനും നമുക്ക് സഹിഷ്ണുത ആവശ്യമാണ്. അനേകം വിശുദ്ധന്മാർക്കും, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നമ്മുടെ ഇടയിൽപോലും, സഹിഷ്ണുതയുടെ കുറവുണ്ട്. ചിലർ അവരുടെ ബന്ധുക്കളിൽനിന്നും, കൂട്ടുകാരിൽനിന്നും, അയൽവാസികളിൽ നിന്നുമുള്ള ഉപദ്രവം സഹിച്ചിട്ടുണ്ട്, എന്നാൽ ഒടുവിൽ അവരുടെ സഹിഷ്ണുതയ്ക്ക് അറുതിവന്നു. ഒരു നിശ്ചിതസമയത്തേക്ക് ഉപദ്രവത്തെ ചെറുക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നുവെങ്കിലും, നീണ്ട ഒരു സമയത്തേക്ക് താങ്ങുവാനുള്ള സഹിഷ്ണുത അവർക്കില്ലായിരുന്നു. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ ഉപദ്രവം സഹിച്ചു (എബ്രാ. 12:2-3), ഇപ്പോഴും മനുഷ്യരുടെ എതിർപ്പും നിന്ദയും സഹിക്കുന്നു. ഇന്നും കർത്താവായ യേശുവിനെ ജനം എത്രത്തോളം എതിർക്കുകയും പരിഹസിക്കുകയും ചെയ്യുന്നു എന്നു നോക്കുക. ഒരുവശത്ത്, അവൻ സ്വർഗത്തിൽ ഇരിക്കുന്നു; മറുവശത്ത്, അവൻ ഇപ്പോഴും പരിഹസിക്കപ്പെടുകയും, എതിർക്കപ്പെടുകയും, പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. "മാനസാന്തരപ്പെടുക, അല്ലെങ്കിൽ, നിങ്ങളെ നശിപ്പിക്കുവാൻ ഞാൻ ഒരു വലിയ ഭൂകമ്പം അയയ്ക്കും" എന്ന് തന്നെ പരിഹസിക്കുന്നവരോട് കർത്താവായ യേശു

പറയുവാൻ നമ്മിൽ അനേകരും പ്രതീക്ഷിക്കുന്നു. ഏകദേശം ഇരുപത് നൂറ്റാണ്ടുകളായി കർത്താവായ യേശു പരിഹസിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെങ്കിലും, അവൻ തിരിച്ചു പോരാടിയിട്ടില്ല. മറിച്ച്, അവൻ ഈ ആക്രമണങ്ങളെയെല്ലാം തുടർച്ചയായി സഹിച്ചതേയുള്ളൂ. "യേശുവേ, ഞാൻ നിന്നെ വെറുക്കുന്നു" എന്നു ചിലർ പറഞ്ഞേക്കാം, എന്നാൽ അവനിൽനിന്നും യാതൊരു പ്രതികരണവുമില്ല. ഇതാണ് യേശുവിന്റെ സഹിഷ്ണുത.

നമ്മിൽ അനേകരും യേശുവിന്റെ സഹിഷ്ണുതയെക്കുറിച്ച് കേട്ടിട്ടില്ല. യേശുവിന്റെ ശക്തിയെയും, യേശുവിന്റെ സ്നേഹത്തെയും, യേശുവിന്റെ വിശുദ്ധിയെയും, യേശുവിന്റെ നീതിയെയും കുറിച്ച് നാം കേട്ടിട്ടുണ്ട്, എന്നാൽ യേശുവിന്റെ സഹിഷ്ണുതയെക്കുറിച്ചു കേട്ടിട്ടില്ല. എന്നിരുന്നാലും, നാം ക്രിസ്തുവിൽ ജീവിക്കുമ്പോൾ, നാം അവന്റെ ജീവനിലും വിശുദ്ധിയിലും മാത്രമല്ല പങ്കാളിയാകുന്നത്, അവന്റെ സഹിഷ്ണുതയിലും കൂടിയാണ്. നാം ക്രിസ്തുവിൽ വസിക്കുമ്പോൾ, നാം അവന്റെ സഹിഷ്ണുതയിൽ പങ്കുകൊള്ളുകയും, കഷ്ടംസഹിക്കുന്നതിനും എതിർപ്പിനെ താങ്ങുവാനുമുള്ള സഹിഷ്ണുത ഉള്ളവരായിരിക്കുകയും ചെയ്യുന്നു. കർത്താവിന്റെ വചനം സഹിഷ്ണുതയുടെ വചനമെന്നുപോലും വിളിക്കപ്പെടുന്നു (3:10). ഇന്ന് മുഴുവൻ ലോകവും അവനെ എതിർക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നുവെങ്കിലും അവൻ തിരിച്ചു പോരാടുന്നില്ല. അവൻ അതെല്ലാം സഹിക്കുന്നതേയുള്ളൂ. ഇപ്പോൾ നമുക്ക് അവനുമായി കൂട്ടായ്മ ഉണ്ടായിരിക്കുകയും അവനിൽ വസിക്കുകയും ചെയ്യുമ്പോൾ, നാം അവന്റെ സഹിഷ്ണുതയിൽ പങ്കുചേരുന്നു. അവന്റെ അനുയായികളെന്ന നിലയിൽ സഹിഷ്ണുതയോടുകൂടെ അതേ പാതയിൽ നാം അവനെ അനുഗമിക്കണം (എബ്രാ. 12:1). ഈ രീതിയിൽ നമുക്ക് പീഡനത്തെയും കിംവദന്തികളെയും തിരസ്കരണത്തെയും എതിർപ്പിനെയും സഹിക്കുവാൻ കഴിയും. കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി നാം കാത്തിരിക്കുന്നവരാണെന്ന ശക്തമായ തെളിവാണിത്. അവന്റെ കഷ്ടതയിലും, രാജ്യത്തിലും, സഹിഷ്ണുതയിലും ഒരു സഹപങ്കാളിയായിരുന്നുകൊണ്ട് നാം അവന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുമ്പോൾ, യുദ്ധംചെയ്യുന്ന അവന്റെ സൈന്യമായിരിക്കുവാൻ അഭ്യസിപ്പിക്കപ്പെടുകയും, പരിശീലിപ്പിക്കപ്പെടുകയും, ഒരുക്കപ്പെടുകയും, യോഗ്യതയുള്ളവരാക്കപ്പെടുകയും ചെയ്യുന്നു. കർത്താവിന്റെ മടങ്ങിവരവിനായി നിങ്ങൾ കാത്തിരിക്കുകയാണോ? നിങ്ങൾ കാത്തിരിക്കുന്നുവെങ്കിൽ, നിങ്ങളും അവന്റെ കഷ്ടതയിലും, രാജ്യത്തിലും, സഹിഷ്ണുതയിലും ഒരു സഹപങ്കാളിയായിരിക്കണം.